# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4081** — **16.03.2017-ൽ മറുപടിയ്ക്ക്**

## കാട്ടുതീ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ബാബു | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പറമ്പിക്കുളം വന്യജീവി സങ്കേതത്തിന് ഭീഷണി-യായി മാറുന്ന, തമിഴ് നാട് അതിർത്തി വനത്തിൽ ഉണ്ടാവുന്ന കാട്ടുതീ തടയുന്നതിന് നിലവിൽ എന്തെല്ലാം മുൻകരുതലു-കളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (എ) കാട്ടുതീ തടയുന്നതിന് പറമ്പിക്കുളം ടൈഗർ റിസർവ്വിൽ താഴെ പറയുന്ന മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1) സംസ്ഥാന അതിർത്തിയിൽ ഉടനീളം 10.4 മീറ്റർ വീതിയിൽ ഫയർലൈൻ എടുത്തിട്ടുണ്ട്. ഫയർ വാച്ചർമാരേയും, ഫയർ ഗാങ്ങിനേയും നിയോഗിച്ചിട്ടുണ്ട്.<br>2) ടൈഗർ റിസർവ്വിൽ മുൻപ് കാട്ടുതീ ഉണ്ടായ ഉടനെ തന്നെ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി ബന്ധപ്പെടുകയും മനുഷ്യപ്രയത്നത്താൽ നേരിട്ട് തീയണക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ ഹെലികോപ്റ്ററിന്റെ സഹായത്തോടെ തീ അണച്ചിട്ടുള്ളതുമാണ്.<br>3) തുടർന്നും അനിയന്ത്രിതമായി കാട്ടുതീ ഉണ്ടാവുകയാണെങ്കിൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി ബന്ധപ്പെടുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.<br>4) കാട്ടുതീയുമായി ബന്ധപ്പെട്ട് തമിഴ്നാട് ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ഫോണിലൂടെ നിരന്തരം ബന്ധപ്പെടുന്നതിന് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>5) വനഭാഗങ്ങളിൽ വാച്ചർമാരുമായി നിരന്തരം ബന്ധപ്പെടുന്നതിന് വയർലെസ് കമ്മ്യൂണിക്കേഷൻ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ |

കാട്ടുതീ ഉണ്ടായാൽ വനത്തിനകത്ത് വളരെ പെട്ടെന്ന് എത്തിച്ചേരുന്നതിന് ട്രക്ക് പാത്തുകളും റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്.

6) കൺട്രോൾ റൂം. ക്രൈസിസ് മാനേജ്മെന്റ് ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**